നമ്പർ:സി.എൽ.റ്റി(3)1244/2006. സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, 10.4.2006

സർക്കുലർ നമ്പർ 20/2006

വിഷയം: സഹകരണവകുപ്പ് - കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളും പലിശ യിൻമേൽ പലിശ ഈടാക്കുന്നത് തടഞ്ഞുകൊണ്ടുള്ള നിർദേശം സംബന്ധിച്ച്.

സൂചന: 1. 8.7.2002ൽ സി.എൽ.റ്റി(3) 7895/02 നമ്പരായി സഹകരണസംഘം രജിസ്ട്രാർ കെ.എസ്.സി.എ.ആർഡി.ബി. മാനേജിംഗ് ഡയറക്ടർക്കയച്ച കത്ത്.

1. 19.5.2003 ലെ സി.എൽ.റ്റി(3) 7895/02 നമ്പരിലുള്ള സഹകരണസംഘം രജിസ്ട്രാറുടെ കത്ത്.
2. സർക്കാരിന്റെ സഹകരണ (ബി) വകുപ്പിൽ നിന്നും 22.12. ൽ പുറപ്പെടുവിച്ച ജി.ഒ.(ആർ.ടി) നമ്പർ 712/2005 കോ-ഓപ് നമ്പർ ഉത്തരവ്.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും വായ്പകളിൻമേൽ കുടുശ്ശിക പലിശയ്ക്കുമേൽ പിഴ പലിശ ഈടാക്കുന്നതിനെതിരെ ഫയൽ ചെയ്ത അപ്പീൽ തീർപ്പാണ് സർക്കാർ പുറപ്പെടുവിച്ച 20.3.2002ലെ ജിയഒ. (ആർ.റ്റി) നമ്പർ 79/02 സഹ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പലിശ യ്ക്കുമേൽ പിഴ ഈടാക്കരുതെന്നും ഇപ്രകാരം ഈടാക്കിയ തുക തിരികെ നല്കുകയോ വായ്പ കാരന്റെ അക്കൗണ്ടിൽ വരവ് വെയ്ക്കുകയോ, പിന്നീടുണ്ടാകുന്ന ബാധ്യതയിൽ ക്രമീകരിക്കു കയോ ചെയ്യണമെന്നും സൂചന (1) പ്രകാരം നിർദേശം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ടി ബാങ്കുകൾ സ്വീകരിച്ച പലിശയിൽ മേൽ പലിശയിനത്തിലുള്ള തുകകൾ അതാത് വർഷങ്ങളിലെ ആഡിറ്റ് പൂർത്തിയാക്കിക്കഴിഞ്ഞതിനാൽ ക്രമീകരിക്കുവാൻ കഴിയില്ലെന്ന് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അിറയിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുശ്ശിക പലിശയിൻമേൽ പിഴപലിശ ഈടാക്കും. നടപടി നിർത്തലാക്കുകയും എന്നാൽ നാളി തുവരെ ടിയിനത്തിൽ ഈടാക്കിയ തുകകൾ വായ്പക്കാരുടെ അക്കൗണ്ടിൽ ക്രമീകരിക്കണമെ ന്നുള്ള നിർദേശം നടപ്പിലാക്കേണ്ടതിലേക്ക് സൂചന (2) പ്രകാരം നിർദേശം നല്കിയിരുന്നു.

ഇതിനെതിരെ തിരുവല്ല പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽമേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ തീർപ്പു കല്പിക്കാൻ നിർദേശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, ടി ഉത്തരവിൽ പലിശ യ്ക്കുമേൽ പിഴ ഈടാക്കുന്നത് ന്യായികരിക്കുവാനാവുന്നതല്ലെന്നും ഇത് സംബന്ധിച്ച് സഹക രണ സംഘം രജിസ്ട്രാർ സൂചന പ്രകാരം നൽകിയ 8.7.02 ലെ നിർദേശം ശരിവെയ്ക്കുകയും ഈടാക്കിയ തുക തിരികെ നൽകേണ്ടതില്ലെന്ന സൂചന (2) ലെ സഹകരണ സംഘം രജിസ്ട്രാ റുടെ നിർദേശം പിൻവലിച്ചതായി കണക്കാക്കുവാനും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പലിശയ്ക്കുമേൽ പിഴപലിശ ഈടാക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (2) പ്രകാരമുള്ള 19.5.2002 ലെ നിർദേശം പിൻവലിച്ചിരിക്കുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും പലിശയ്ക്കു മേൽ പലിശ ഈടാക്കുവാൻ പാടില്ലെന്നതും ഇത്തരത്തിൽ പലിശ തിരികെ നല്കുകയോ വായ്പകാരന്റെ കണക്കിൽ ക്രമീകരിക്കുകയോ ചെയ്യണമെന്നതുമായ സഹകരണസംഘം രജിസ്ട്രാറുടെ 8.7.2002 ലെ സി.എൽ.റ്റി (3) 7895/02 നമ്പർ നിർദേശം കർശനമായും പാലിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു.

മേൽ നിർദേശം സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും പാലിക്കുന്നുവെന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർ/വാലുവേഷൻ ഓഫീസർമാരും ആഡിറ്റർമാരും ഉറപ്പു വരുത്തേണ്ടതാണ്.

ഒപ്പ്

വി.രഘുനാഥ്

സഹകരണസംഘം രജിസ്ട്രാർ-ഇൻചാർജ്.

പകർപ്പ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്).
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ/ആഡിറ്റ്).

(ജോയിന്റ് രജിസ്ട്രാർമാർ മുഖേന)

3. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
4. അസിസ്റ്റന്റ് രജിസ്ട്രാർ/വാലുവേഷൻ ആഫീസർ.........
   കാർഷിക ഗ്രാമ വികസന ബാങ്ക്.
5. എല്ലാ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് സെക്രട്ടറിമാർക്കും.
6. ഈ ആഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും.
7. എഡിറ്റർ, സഹകരണ വീഥി- പ്രസിദ്ധീകരണത്തിനായി.
8. എഡിറ്റർ, സഹകരണ ജേർണൽ - പ്രസിദ്ധീകരണത്തിനായി.
9. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.